**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6468** **10-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാറിലെ നാശനഷ്ടങ്ങൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ കഴിഞ്ഞ ദിവസങ്ങളിലെ വെള്ളപ്പൊക്കത്തിലും ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലിലുമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമായ വിവര ശേഖരണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ തീവ്ര മഴയെതുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും വീടുകൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പും തോത് നിശ്ചയിക്കുന്നതുമടക്കമുള്ള നടപടികൾ റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപന എൻജിനീയറും അടങ്ങിയ ടീം സ്വീകരിച്ച് വരുന്നു. വീടുകൾക്കുണ്ടായ നാശനഷ്ടം വില്ലേജ് അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. |
| (ബി) | മണ്ഡലത്തിൽ വ്യാപകമായുണ്ടായ പ്രകൃതിദുരന്തത്തിൽ വീട്, കെട്ടിടം, വസ്തുവകകൾ, കൃഷിഭൂമി, വ്യാപാര സ്ഥാപനങ്ങൾ, മറ്റ് ജീവനോപാധികൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾക്ക് അടിയന്തര ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | ദുരന്തത്തിൽ വീടിനും സ്ഥലത്തിനും നാശനഷ്ടം സംഭവിച്ചവർക്ക് 29.10.2021 ലെ GO (Ms) 5/2021/DMD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതാണ്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടവ അതത് വകുപ്പുകൾ നാശനഷ്ടങ്ങളുടെ തോത് കണക്കാക്കി സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം ധനസഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ